## പരി. ബാവായുടെ 447/2008-ാം നമ്പർ കല്പനയിൽനിന്നും...

....."മട്ടാഞ്ചേരി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ദൈവാലയം ഒരു ഇടവകപള്ളി എന്ന നിലയിൽനിന്നും മാറ്റി നമ്മുടെ നേരിട്ടുള്ള ഭരണത്തിലിരിപ്പാൻ തക്കവണ്ണം "സഭാചരിത്രസ്മാരകമായി" നമ്മുടെ 206/2008-ാം നമ്പർ കല്പനപ്രകാരം ഏറ്റെടുത്ത വിവരം അറിയിക്കുന്നതിൽ നമുക്കു സന്തോഷമുണ്ട്. ജീർണ്ണാവസ്ഥയിലായ ആ ദൈവാലയത്തിന്റെ പുനരുദ്ധാരണം ലക്ഷ്യമിട്ട് ചില പദ്ധതികൾ നടത്തുന്നതിന് നാം അനുവാദം നൽകിയിട്ടുണ്ട്. ആയതിനാൽ, പൂർവ്വപിതാക്കന്മാരുടെ വിശ്വാസധീരതയുടെ പ്രതീകമായി നിലകൊള്ളുന്ന മട്ടാഞ്ചേരി പള്ളിയുടെ പുനരുദ്ധാരണത്തിന് നിങ്ങൾക്ക് സാധ്യമാകുന്ന വിധമുള്ള എല്ലാ സഹായസഹകരണങ്ങളും നൽകണമെന്ന് നാം താല്പര്യപ്പെടുന്നു....."

## Route Map

എറണാകുളത്ത് നിന്ന് കരമാർഗ്ഗവും കായൽ മാർഗ്ഗവും ഇവിടെ എത്താവുന്നതാണ്.




## പ്രധാന ആകർഷണങ്ങൾ

സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളി ഫോർട്ടുകൊച്ചി, ജൂതപള്ളി, സെന്റ് ഫ്രാൻസിസ് പള്ളി, സാന്താ ക്രൂസ് ബസ്സിലിക്ക, ഡച്ച് കൊട്ടാരം, ഡച്ച് സെമിത്തേരി, ഫോർട്ടുകൊച്ചി ബീച്ച് - ചീനവലകൾ, പുരാതനസൗധങ്ങൾ തുടങ്ങിയവ ഇവിടുത്തെ പ്രധാന ആകർഷണങ്ങളാണ്.

**Working President :**
H.G. Zachariah Mar Anthonios Metropolitan
Kochi Diocese


**For details:**
The Vicar
St. George Orthodox Syrian Church
Historic Monument & Pilgrim Centre
(A Project of Malankara Orthodox Syrian Church)
P.O. Box 173
Mattancherry, Kochi - 682 002, Kerala, India.
Tel: + 91- 484 2116421,
Mob: + 91- 944 7010386, + 91 - 944 7456456
E-mail: koonankurissu@yahoo.com





# സെന്റ് ജോർജ്ജ് ഓർത്തഡോക്സ് സുറിയാനി പള്ളി
## എ.ഡി. 1751
## (കൂനൻകുരിശ് പള്ളി)
## മട്ടാഞ്ചേരി



# St. George Orthodox Syrian Church
## Historic Monument & Pilgrim Centre
(A Project of Malankara Orthodox Syrian Church)

**Mattancherry**



## മട്ടാഞ്ചേരി, ഫോർട്ടുകൊച്ചി

വിവിധ സംസ്കാരങ്ങൾ വിസ്മയകരമായി സമ്മേളിച്ച സ്ഥലങ്ങളാണ് മട്ടാഞ്ചേരിയും, ഫോർട്ടുകൊച്ചിയും. പോർട്ടുഗീസുകാരും, ഡച്ചുകാരും, ഒടുവിൽ സ്വാതന്ത്ര്യം ലഭിക്കുന്നതു വരെ ബ്രിട്ടീഷുകാരും മട്ടാഞ്ചേരി കൈയ്യടക്കി. കൊച്ചിയുടെ വാണിജ്യ പുരോഗതിക്ക് ആക്കം കൂട്ടിയതിനോടൊപ്പം മതാധിപത്യത്തിനും ഇത് വഴിയൊരുക്കി. കൊച്ചികായൽ അതിരായുള്ള ഈ പ്രദേശങ്ങൾ പ്രധാനമതവിശ്വാസങ്ങളുടെയെല്ലാം സംഗമഭൂമിയാണ്. ഇവിടുത്തെ പൗരാണിക ദൈവാലയങ്ങളും, ക്ഷേത്രങ്ങളും, മോസ്കുകളും, പുരാതനസൗധങ്ങളും, കായലോരവും, കടലോരവും കേരളത്തെ "ദൈവത്തിന്റെ സ്വന്തം നാടാക്കുന്നതിൽ" പ്രധാനപങ്ക് വഹിക്കുന്നു. ഇക്കൂട്ടത്തിൽ കൂനൻകുരിശ് സത്യത്തിന്റെ ചരിത്രം ഉറങ്ങുന്ന മട്ടാഞ്ചേരി സെന്റ് ജോർജ്ജ് പള്ളിയുടെ സ്ഥാനം ഒട്ടും ചെറുതല്ല.


## കൂനൻ കുരിശ് സത്യം



പാശ്ചാത്യ കൊളോണിയലിസത്തിനെതിരെ ലോകത്തിൽ ആദ്യം നടന്ന വിപ്ലവമാണ് 1653 - ലെ കൂനൻകുരിശ് സത്യം. ഭാരതമണ്ണിൽ പാശ്ചാത്യ അധിനിവേശത്തിനെതിരെ നടത്തിയ ആദ്യ സ്വാതന്ത്ര്യസമരമെന്ന പ്രത്യേകതയും മലങ്കര നസ്രാണികളുടെ ഈ മഹത്തായ സ്വാതന്ത്ര്യപ്രഖ്യാപനത്തിനുണ്ട്.

വി. മാർത്തോമ്മാ ശ്ലീഹായുടെ കാലം മുതൽ തന്നെ കേരളത്തിൽ ഉണ്ടായിരുന്ന മലങ്കര നസ്രാണികൾക്ക് തികച്ചും ദേശീയമായ വ്യക്തിത്വവും അസ്തിത്വവും സംസ്കാരവും ഉണ്ടായിരുന്നു. 'മാർത്തോമ്മായുടെ മാർഗ്ഗം' എന്നാണ് ഈ തനത് ജീവിതരീതി അറിയപ്പെട്ടത്. ഇതിനുപകരം റോമൻ കത്തോലിക്കാസഭയുടെ അധീശത്വവും, ലത്തീൻക്രമങ്ങളും, പാശ്ചാത്യ ജീവിതരീതിയും, സംസ്കാരവും അടിച്ചേല്പിക്കുവാൻ പോർട്ടുഗീസുകാരും, റോമൻ കത്തോലിക്കാ മിഷണറിമാരും ശ്രമിച്ചു. ഇതിന്റെ ആത്യന്തികഫലമാണ് 1599 - ലെ ഉദയംപേരൂർ സുന്നഹദോസ്.

ഇങ്ങനെ പാശ്ചാത്യർ അടിച്ചേല്പിക്കുവാൻ ശ്രമിച്ച 'ശെമവൂൻ കേഫായുടെ മാർഗ്ഗത്തെ' ഉപേക്ഷിച്ച് പൗരാണികമായ "മാർത്തോമ്മായുടെ മാർഗ്ഗത്തെ" പുനഃസ്ഥാപിച്ച അവിസ്മരണീയ സംഭവമാണ് കൂനൻകുരിശ് സത്യം. 1653 ജനുവരി 3 - ന് മലങ്കരയുടെ ജാതിയ്ക്കു കർത്തവ്യൻ പകലോമറ്റം തോമ്മാ അർക്കദ്യാക്കോന്റെ (പിന്നീട് കേരളത്തിലെ പ്രഥമ തദ്ദേശീയ മെത്രാൻ മഹാനായ മാർത്തോമ്മാ ഒന്നാമൻ എപ്പിസ്കോപ്പാ) നേതൃത്വത്തിൽ മലങ്കര പള്ളിയോഗമാണ് നസ്രാണിപ്പടയുടെയും അനേകം നസ്രാണികളുടെയും സാന്നിധ്യത്തിൽ ഈ ഐതിഹാസിക പ്രഖ്യാപനം നടത്തിയത്.




## മട്ടാഞ്ചേരി പള്ളി



എ.ഡി.1751 - ൽ കേരളത്തിലെത്തിയ പാശ്ചാത്യ സുറിയാനി വൈദീകഗണത്തിന്റെ തലവനായിരുന്നു മാർ ബസ്സേലിയോസ് ശക്രള്ള മഫ്രിയാന. അദ്ദേഹം ബറുവയിലെ ആലപ്പോ നഗരത്തിന്റെ മെത്രാനായിരുന്നു. മലങ്കരയെ അധീനതപ്പെടുത്തുവാനുള്ള ശ്രമം പരാജയപ്പെട്ടതിനെതുടർന്ന് തിരുവിതാംകൂറിൽ നിന്നും, കൊച്ചിയിൽ നിന്നും പിൻവാങ്ങി ബ്രിട്ടീഷ് കൊച്ചിയിൽ, മട്ടാഞ്ചേരി പള്ളിയിൽ താമസമാക്കി. ഇവിടെ വച്ച് ശക്രള്ള മഫ്രിയാന 1764 തുലാം 9 - ന് കാലം ചെയ്ത് കണ്ടനാട് പള്ളിയിൽ കബറടക്കി.

ഈ മഫ്രിയാനയോടൊപ്പം വന്ന പാശ്ചാത്യ സുറിയാനി മെത്രാൻ മാർ ഗ്രീഗോറിയോസ് യൂഹാനോൻ, എ.ഡി. 1772 - ൽ കാട്ടുമങ്ങാട്ട് എബ്രഹാം റമ്പാനെ മാർ കൂറിലോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചത് ഇവിടെവച്ചാണ്. തിരുവിതാംകൂറിൽ നിന്നും കൊച്ചിയിൽ നിന്നും ബഹിഷ്കൃതനായ മാർ കൂറിലോസാണ് മലബാർ സ്വതന്ത്ര സുറിയാനി സഭ (തൊഴിയൂർ സഭ) സ്ഥാപിച്ചത്. തുടർന്ന് മട്ടാഞ്ചേരി പള്ളിയുടെ അവകാശത്തെപ്പറ്റി തർക്കമുണ്ടാവുകയും വാദം കേട്ട കൊച്ചിയിലെ ഡച്ച് ഗവർണ്ണർ, ഭരണം, മലങ്കര മെത്രാപ്പോലീത്ത വലിയ മാർ ദിവന്നാസ്യോസിനാണെന്ന് വിധിക്കുകയും ചെയ്തു. പിൽക്കാലത്ത് ഫോർട്ടുകൊച്ചി, മട്ടാഞ്ചേരി പള്ളികൾ ഒരു സംയുക്ത ഇടവകയായി. 20 - ൽ പരം വർഷങ്ങൾ കേസ്സിൽപെട്ട് പൂട്ടിക്കിടന്ന പള്ളി, 1997 - ൽ കേസ്സ് അവസാനിച്ച് ആരാധന പുനരാരംഭിച്ചു. 'മട്ടാഞ്ചേരിമുറി' എന്നും 'എരിമിശ പള്ളി' എന്നുമാണ് ചരിത്രത്തിൽ ഈ പള്ളി അറിയപ്പെടുന്നത്. ഇന്ന് ഈ ദൈവാലായം മലങ്കര മെത്രാപ്പോലീത്തായുടെ നേരിട്ടുള്ള ഭരണത്തിലാണ്.

## തിരുശേഷിപ്പ്



പരിശുദ്ധ ഗീവർഗ്ഗീസ് സഹദായുടെ തിരുശേഷിപ്പ് ഉള്ളതിനാൽ ഈ ദൈവാലയത്തിന്റെ സ്ഥാനം അദ്വിതീയമാണ്. പ്രാദേശീകമായും, സഭയാകമാനവുമുള്ള വിശ്വാസികൾ തീർത്ഥാടകരായും നിരവധി സഞ്ചാരികൾ സന്ദർശകരായും എത്തുന്നു.

പള്ളിയകത്ത് പടിഞ്ഞാറു നിന്നും മദ്ധ്യഭാഗം വരെ ഒരു മേൽത്തട്ട് മാളിക ഉണ്ടായിരുന്നത് കാലാന്തരത്തിൽ ജീർണ്ണിച്ച് പോയി. പിതാക്കന്മാർ താമസിച്ചിരുന്ന ഈ മാളിക മുറി പുനർനിർമ്മിക്കേണ്ടതുണ്ട്.

## ഇപ്പോഴത്തെ ദൈവാലയം



1751 - ൽ സ്ഥാപിക്കപ്പെട്ട ആദ്യ ദൈവാലയം പിൽക്കാലത്ത് 1974 - ൽ കൊച്ചി ഭദ്രാസനാധിപൻ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ഭരണകാലത്ത് പുതുക്കിപ്പണിതു.

## ആരാധനകൾ

ഇടവക പള്ളിയല്ലെങ്കിലും ഇപ്പോഴുള്ള ആരാധനാ ക്രമീകരണങ്ങളനുസരിച്ച് മാസത്തിലെ ആദ്യ ഞായറാഴ്ചയും, എല്ലാ ശനിയാഴ്ചകളിലും, വി. കുർബ്ബാനയും, വി. ഗീവർഗ്ഗീസ് സഹദായോടുള്ള മദ്ധ്യസ്ഥപ്രാർത്ഥനയും നടന്നുവരുന്നു. ഉദ്ദിഷ്ടകാര്യത്തിന് വിശ്വാസികൾ നേർച്ചയായി നൽകുന്ന ഉണ്ണിയപ്പം ഇവിടുത്തെ പ്രത്യേകതയാണ്.

## ഭരണ നിർവ്വഹണം

മലങ്കര മെത്രാപ്പോലീത്തായുടെ നിയന്ത്രണത്തിൽ കൊച്ചി ഭദ്രാസനമെത്രാപ്പോലീത്തായുടെ നേതൃത്വത്തിലുള്ള സമിതിയാണ് പള്ളിയുടെ ചുമതലകൾ നിർവ്വഹിക്കുന്നത്.

## പുതിയ ദൈവാലയം

മലങ്കര സഭാമക്കളുടെ നസ്രാണി പൈതൃകത്തിന്റെയും ആത്മാഭിമാനത്തിന്റെയും പ്രതീകമായ കൂനൻ കുരിശ് സത്യവും, മട്ടാഞ്ചേരി പള്ളിയും തലമുറകൾക്ക് പുതുവെളിച്ചം വിതറുന്നു. ഈ പുണ്യഭൂമിയിലെത്തുന്നവർക്ക് പ്രാർത്ഥിക്കാനും, ധ്യാനിക്കാനും പൗരാണികതയും മനോഹാരിതയും സമന്വയിക്കുന്ന ദൈവാലയവും, പ്രാഥമിക സൗകര്യങ്ങളും വിശ്രമസ്ഥലവും ഉണ്ടാകണം. ജീർണ്ണാവസ്ഥയിലായ ഇന്നത്തെ ദൈവാലയം ഇതിനു പര്യാപ്തമല്ലെന്നത് വിശ്വാസികളുടെയും സന്ദർശകരുടെയും പൊതുവായ വികാരമാണ്. ഇക്കാര്യങ്ങൾ പരിഗണിച്ച് സഭാ തലത്തിൽ ദൈവാലയ പുനരുദ്ധാരണത്തിന് തുടക്കം കുറിച്ചുകഴിഞ്ഞു.



Proposed St. George Orthodox Church